**മധുരമായകുട്ടികളേ - പ്രഭാതസമയത്ത് മനസ്സുകൊണ്ടും ബുദ്ധികൊണ്ടും അച്ഛനായ എന്നെ ഓർമ്മിക്കൂ, അതോടൊപ്പം ഭാരതത്തെ ദൈവീകരാജസ്ഥാനാക്കി മാറ്റുന്ന സേവനവും ചെയ്യൂ.**

**ചോദ്യം:-** സൂര്യവംശി രാജധാനിയുടെ സമ്മാനം ഏതിന്റെ ആധാരത്തിലാണ് ലഭിക്കുന്നത്?
**ഉത്തരം:-** സൂര്യവംശി രാജധാനിയുടെ സമ്മാനം ലഭിക്കണമെങ്കിൽ ബാബയുടെ പൂർണ്ണ സഹയോഗികളായിത്തീരൂ, ശ്രീമത്തിലൂടെ മുന്നോട്ടുപോകൂ. ആശീർവ്വാദം യാചിക്കരുത്, എന്നാൽ യോഗബലത്തിലൂടെ ആത്മാവിനെ പാവനമാക്കാനുള്ള പുരുഷാർത്ഥം ചെയ്യണം. ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും ത്യാഗം ചെയ്ത് ഒരേയൊരു ഏറ്റവും പ്രിയപ്പെട്ട ബാബയെ ഓർമ്മിക്കൂ എന്നാൽ നിങ്ങൾക്ക് സൂര്യവംശി രാജധാനിയുടെ സമ്മാനം ലഭിക്കും. അതിൽ ശാന്തിയും പവിത്രതയും സമൃദ്ധിയും എല്ലാം ഉണ്ടാവും.

**ഗീതം:-** അവസാനം ആ ദിനം വന്നെത്തി....

**ഓം ശാന്തി**. ഓം ശാന്തിയുടെ അർത്ഥം നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഉണ്ട്. ബാബ എന്താണോ മനസ്സിലാക്കിത്തരുന്നത് അത് ലോകത്തിൽ നിങ്ങൾ കുട്ടികൾക്കല്ലാതെ മറ്റാർക്കും തന്നെ മനസ്സിലാവുകയില്ല, എങ്ങനെയാണോ ഒരു മെഡിക്കൽ കോളേജിൽ പുതിയ ഒരാൾ വന്നിരുന്നാൽ ഒന്നും തന്നെ മനസ്സിലാകാത്തത്. മനുഷ്യർ പോയിരുന്നാൽ ഒന്നുംതന്നെ മനസ്സിലാകാത്ത ഒരു സത്സംഗവും ഉണ്ടാവുകയില്ല. അവിടെയെല്ലാം തന്നെ ശാസ്ത്രങ്ങളാണ് കേൾപ്പിക്കുന്നത്. ഇത് വലുതിലും വലിയ കോളേജാണ്. പുതിയ കാര്യമല്ല. വീണ്ടും ആ ദിവസം ഇന്ന് വന്നെത്തി, എപ്പോഴാണോ ബാബ വന്ന് കുട്ടികളെ രാജയോഗം പഠിപ്പിച്ചത്. ഈ സമയം ഭാരതത്തിൽ രാജ്യപദവിയില്ല. അപ്പോൾ ഈ രാജയോഗത്തിലൂടെയാണ് രാജാക്കന്മാരുടെയും രാജാവായിത്തീരുന്നത്. അതായത് നിങ്ങൾക്ക് അറിയാം വികാരി രാജാക്കന്മാരുടെയും രാജാവായിത്തീരുന്നു. ബുദ്ധി ലഭിച്ചു കഴിഞ്ഞു. ആര് എന്ത് കർമ്മമാണോ ചെയ്യുന്നത് അത് ബുദ്ധിയിൽ ഉണ്ടാവുമല്ലോ. നിങ്ങൾ യോദ്ധാക്കളാണ്, അറിയാം നമ്മൾ ആത്മാക്കൾ ബാബയോടൊപ്പം യോഗം വെക്കുന്നതിലൂടെ ഭാരതത്തെ പവിത്രമാക്കി മാറ്റുന്നു എന്ന് ചക്രത്തിന്റെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം ധാരണ ചെയ്ത് നമ്മൾ ചക്രവർത്തി രാജാവായിത്തീരുന്നു. ഇത് ബുദ്ധിയിലുണ്ടായിരിക്കണം, നമ്മൾ യുദ്ധമൈതാനത്തിലാണെന്ന്. വിജയം നമ്മുടേതു തന്നെയാണ്. ഇത് നിശ്ചിതമാണ്. നമ്മൾ വീണ്ടും ഭാരതത്തെ ദൈവീക ഡബിൾ കിരീടധാരി രാജസ്ഥാനാക്കിമാറ്റുന്നു. ബാബ ചിത്രങ്ങൾ വെച്ച് വളരെ നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നു. നമ്മൾ 84 ജന്മം പൂർത്തിയാക്കി ഇപ്പോൾ തിരിച്ച് വീട്ടിലേക്കു പോകുന്നു. വീണ്ടും വന്ന് രാജ്യം ഭരിക്കുന്നു. ഈ ബ്രഹ്മാകുമാരി-കുമാരന്മാരെല്ലാം തന്നെ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്, ബ്രഹ്മാകുമാരിമാരുടെ ഈ പ്രസ്ഥാനം എന്താണ്? ചോദിക്കാറില്ലേ. ബി.കെ പെട്ടെന്നു തന്നെ പറയണം നമ്മൾ ഈ ഭാരതത്തെ വീണ്ടും ദൈവീക രാജസ്ഥാനാക്കിക്കൊണ്ടിരിക്കുകയാണ്, ശ്രീമത്തിന്റെ ആധാരത്തിൽ. മനുഷ്യന് ശ്രീ എന്ന വാക്കിന്റെ അർത്ഥം തന്നെ അറിയുന്നില്ല. നിങ്ങൾക്ക് അറിയാം ശ്രീ ശ്രീ ശിവബാബയാണ്, അവരുടെ മാലയാണ് ഉണ്ടാക്കുന്നത്. ഈ മുഴുവനും രചന ആരുടേതാണ്? രചയിതാവ് ബാബയല്ലേ. സൂര്യവംശി, ചന്ദ്രവംശി എന്തെല്ലാമുണ്ടോ എല്ലാ മാലയും രുദ്രനായ ശിവബാബയുടെതാണ്. എല്ലാവർക്കും തന്റെ രചയിതാവിനെക്കുറിച്ച് അറിയാം പക്ഷേ അവരുടെ കർത്തവ്യത്തെക്കുറിച്ച് അറിയുന്നില്ല. അവർ എപ്പോൾ, എങ്ങനെ വന്ന് പഴയ ലോകത്തെ പുതിയതാക്കി മാറ്റുന്നു - ഇത് ആരുടെയും ബുദ്ധിയിലില്ല. അവർ മനസ്സിലാക്കുന്നു - ഇനിയും കലിയുഗം ധാരാളം വർഷം തുടരുമെന്ന്.

ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ ദൈവീക രാജസ്ഥാൻ സ്ഥാപിക്കാൻ നിമിത്തമായിരിക്കുകയാണ്. ആദ്യം ദൈവീക രാജസ്ഥാനായിരിക്കും പിന്നീട് ക്ഷത്രിയ രാജസ്ഥാനാവും. ആദ്യം സൂര്യവംശികുലം പിന്നീട് ക്ഷത്രിയ കുലമാണ്. നിങ്ങൾക്ക് ചക്രവർത്തി രാജാവായിത്തീരണമെങ്കിൽ ബുദ്ധിയിൽ ചക്രം കറക്കണം. നിങ്ങൾക്ക് ആരേയും ഈ ചിത്രത്തെക്കുറിച്ച് വളരെ നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ലക്ഷ്മി-നാരായണൻ സൂര്യവംശി കുലത്തിലേതും സീതാരാമൻ ക്ഷത്രിയ കുലത്തിലേതുമാണ്. പിന്നീട് വൈശ്യരും ശൂദ്രരും പതിതകുലത്തിലേതുമാണ്. പൂജ്യർ പിന്നീട് പൂജാരികളായിത്തീരും. ഒറ്റ കിരീടധാരികളായ രാജാക്കന്മാരുടെ ചിത്രവും ഉണ്ടാക്കണം. ഈ ചിത്രപ്രദർശനം വളരെ അത്ഭുതകരമായിരിക്കും. നിങ്ങൾക്ക് അറിയാം ഡ്രാമ അനുസരിച്ച് സേവാർത്ഥം ഈ ചിത്രപ്രദർശനം

വളരെ ആവശ്യമാണെന്ന്, എന്നാലേ കുട്ടികളുടെ ബുദ്ധിയിൽ ഇരിക്കൂ. പുതിയലോകം എങ്ങനെയാണ് സ്ഥാപിച്ചുകൊണ്ടിരിക്കുന്നത് എന്നുള്ളത് ചിത്രത്തിലൂടെ മനസ്സിലാക്കി കൊടുക്കണം. കുട്ടികളുടെ ബുദ്ധിയിൽ സന്തോഷത്തിന്റെ അതിര് കടക്കണം. ഇത് മനസ്സിലാക്കി തന്നിട്ടുണ്ട് സത്യയുഗത്തിൽ ആത്മജ്ഞാനമുണ്ട്, അതും വൃദ്ധരാകുമ്പോൾ സ്വാഭാവികമായും ഈയൊരു ചിന്തയുണ്ടാവും പഴയശരീരം ഉപേക്ഷിച്ച് പിന്നീട് പുതിയത് എടുക്കണം. ഈ ചിന്ത അവസാനത്തെ സമയത്താണ് ഉണ്ടാകുന്നത്. ബാക്കി എല്ലാ സമയത്തും സന്തോഷത്തിലും ആനന്ദത്തിലുമാണ് ഇരിക്കുന്നത്. ആദ്യം ഈ ജ്ഞാനം ഉണ്ടാവില്ല. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് ഏതുവരെ ബാബ വന്ന് തന്റെ പരിചയം തരുന്നില്ലയോ അതുവരെ പരമപിതാവായ പരമാത്മാവിന്റെ പേര്, രൂപം, ദേശം, കാലം മറ്റാർക്കും തന്നെ അറിയുന്നില്ല. പരിചയവും വളരെ ഗംഭീരമാണ്. രൂപവും ആദ്യം ശിവലിംഗമായാണ് കാണിച്ചിരിക്കുന്നത്. രുദ്രയജ്ഞം രചിക്കുമ്പോൾ മണ്ണിന്റെ ശിവലിംഗമാണ് ഉണ്ടാക്കുന്നത്. അതിന്റെ പൂജ പിന്നീടുണ്ടാകുന്നു. ആദ്യം ബാബയും ബിന്ദുരൂപമാണെന്ന് പറഞ്ഞില്ല. ആദ്യംതന്നെ ബിന്ദു രൂപമെന്നു പറഞ്ഞാൽ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുകയില്ല. ഏതു കാര്യവും എപ്പോഴാണോ മനസ്സിലാക്കിത്തരേണ്ടത് അപ്പോൾ മാത്രം മനസ്സിലാക്കിത്തരും. ഇന്ന് മനസ്സിലാക്കിത്തരുന്നത് എന്തുകൊണ്ട് ഇതിനുമുമ്പ് മനസ്സിലാക്കിത്തന്നില്ല എന്ന് പറയരുത്. കാരണം ഡ്രാമയിൽ അതാണ് അടങ്ങിയിട്ടുള്ളത്. ഈ ചിത്രപ്രദർശനത്തിലൂടെ സേവനത്തിന്റെ അഭിവൃദ്ധിയുണ്ടാകുന്നു. കണ്ടുപിടിക്കുന്നു എങ്കിൽ തീർച്ചയായും അതിന്റെ അഭിവൃദ്ധിയുണ്ടാകുന്നു. എങ്ങനെയാണോ ബാബ എപ്പോഴും മോട്ടോർ കാറിന്റെ ഉദാഹരണം പറയാറുള്ളത്. ആദ്യം അത് കണ്ടുപിടിക്കാൻ എത്ര ബുദ്ധിമുട്ടായിരുന്നു, പിന്നീടു നോക്കൂ വലിയ വലിയ വ്യവസായ ശാലകളിൽ ഒരു മിനിട്ടിനുള്ളിൽ ഒരു മോട്ടോർ കാർ തയ്യാറാകും. എത്രയാണ് ശാസ്ത്രത്തിന്റെ കണ്ടുപിടുത്തം.

നിങ്ങൾക്ക് അറിയാം എത്ര വലിയ ഭാരതമാണെന്ന്. എത്ര വലിയ ലോകമാണെന്ന്. പിന്നീട് എത്ര ചെറുതായിത്തീരും. ഇതെല്ലാം തന്നെ ബുദ്ധിയിൽ വളരെ നല്ല രീതിയിൽ ഇരുത്തണം. ആരാണോ സേവാധാരികുട്ടികൾ, അവരുടെ ബുദ്ധിയിൽ മാത്രമേ ഈ കാര്യങ്ങളെല്ലാം തന്നെയുണ്ടാവൂ. ബാക്കിയുള്ളവർക്ക് കഴിക്കുന്നതിലും, കുടിക്കുന്നതിലും വ്യർത്ഥമായ കാര്യങ്ങളിലും സമയം വ്യർത്ഥമായിത്തീരും. ഇത് നിങ്ങൾക്ക് അറിയാം ഭാരതത്തിൽ വീണ്ടും ദൈവീക രാജസ്ഥാൻ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. വാസ്തവത്തിൽ രാജധാനി എന്ന അക്ഷരം തെറ്റാണ്. ഭാരതം ദൈവീക രാജസ്ഥാനായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ സമയം ആസുരീയ രാജസ്ഥാനാണ്. രാവണന്റെ രാജ്യമാണ്. ഓരോരുത്തരിലും അഞ്ചു വികാരം പ്രവേശിച്ചിട്ടുണ്ട്. എത്ര കോടിക്കണക്കിന് ആത്മാക്കളുണ്ട്, എല്ലാവരും അഭിനേതാക്കളാണ്. അവരവരുടെ സമയത്ത് വന്ന് പിന്നീട് തിരിച്ചുപോകുന്നു. പിന്നെ ഓരോരുത്തർക്കും അവരവരുടെ പാർട്ട് ആവർത്തിക്കേണ്ടതായുണ്ട്. ഓരോ സെക്കന്റും ഡ്രാമ ആവർത്തിച്ചുകൊണ്ടിരിക്കുക തന്നെ ചെയ്യും. എന്താണോ കല്പം മുമ്പ് അഭിനയിച്ചിരുന്ന പാർട്ട് അതുതന്നെ ഇപ്പോഴും അഭിനയിക്കും. ഇത്രയും കാര്യങ്ങൾ ബുദ്ധിയിൽ വെക്കണം. ജോലിയിലും കാര്യങ്ങളിൽ ഇരിക്കുമ്പോൾ പിന്നീട് ബുദ്ധിമുട്ടായിരിക്കും. പക്ഷേ ബാബ പറയുന്നു പ്രഭാത സമയത്തിന്റെ മഹിമയുണ്ടല്ലോ. പാടുന്നു രാമനെ സ്മരിച്ച് പ്രഭാതത്തിൽ മനസ്സിനെ മയിലിന് സമാനം പവിത്രമാക്കി മാറ്റൂ.... ബാബ പറയുന്നു ഇപ്പോൾ വേറൊന്നും തന്നെ സ്മരിക്കേണ്ട പ്രഭാത സമയത്ത് എന്നെ ഓർമ്മിക്കൂ. ബാബ ഇപ്പോൾ സന്മുഖത്താണ് പറയുന്നത്, ഭക്തിമാർഗ്ഗത്തിൽ പിന്നീട് മഹിമ പാടുന്നു. സത്യ-ത്രേതായുഗത്തിൽ മഹിമയുണ്ടാകുന്നില്ല. ബാബ മനസ്സിലാക്കിത്തരുന്നു – അല്ലയോ ആത്മാവേ, മനസ്സുകൊണ്ടും ബുദ്ധികൊണ്ടും എന്നെ ഓർമ്മിക്കൂ. ഭക്തർ സാധാരണയായി രാത്രി ഉണർന്ന് ആരെയെങ്കിലുമെല്ലാം ഓർമ്മിക്കുന്നു. ഇവിടത്തെ രീതിയാണ് പിന്നീട് ഭക്തിമാർഗ്ഗത്തിൽ ആചരിക്കുന്നത്. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കാനുള്ള ഭിന്ന ഭിന്ന യുക്തികൾ നൽകുന്നുണ്ട്. ഭാരതം ഇത്ര സമയം മുമ്പ് ദൈവീക രാജസ്ഥാനായിരുന്നു. പിന്നീട് ക്ഷത്രിയ രാജസ്ഥാനായി, അതിനുശേഷം വൈശ്യരുടെ രാജസ്ഥാനായിത്തീർന്നു. ഓരോ ദിവസവും തമോപ്രധാനമായിത്തീരും. തീർച്ചയായും വീഴുക തന്നെ വേണം. മുഖ്യമായും ഈ ചക്രമാണ്, ചക്രത്തെ അറിയുന്നതിലൂടെ ചക്രവർത്തി രാജാവായിത്തീരുന്നു. ഇപ്പോൾ നിങ്ങൾ കലിയുഗത്തിലാണ് ഇരിക്കുന്നത്. തൊട്ടുമുന്നിൽ സത്യയുഗമാണ്. ഈ ചക്രം എങ്ങനെയാണ് കറങ്ങുന്നത്. ഇതിന്റെ അറിവ് നിങ്ങൾക്കുണ്ട്. ഇതറിയാം നാളെ നമ്മൾ സത്യയുഗീരാജധാനിയിലായിരിക്കും. എത്ര സഹജമാണ്. മുകളിൽ ത്രിമൂർത്തി ശിവനുണ്ട്. ചക്രവുമുണ്ട്. ലക്ഷ്മി-നാരായണനും ഇതിൽ വരും. ഈ ചിത്രം മുന്നിൽ വെക്കുകയാണെങ്കിൽ ആർക്കും നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ഭാരതം ദൈവീക രാജസ്ഥാനായിരുന്നു, ഇപ്പോഴല്ല . ഇപ്പോൾ ഒറ്റ കിരീടധാരികൾ പോലും ഇല്ല. ചിത്രങ്ങൾ വച്ച് തന്നെ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കണം. ഈ ചിത്രം വളരെ വിലപ്പെട്ടതാണ്. എത്ര അത്ഭുതകരമായ വസ്തുവാണെങ്കിൽ അത്ഭുതകരമായ രീതിയിൽ മനസ്സിലാക്കി കൊടുക്കേണ്ടതായും വരും. ഈ 30-40 ഇഞ്ചിന്റെ ത്രിമൂർത്തിയും വൃക്ഷവും എല്ലാവർക്കും അവരവരുടെ വീട്ടിൽ വെക്കേണ്ടതായിവരും. ഏതെങ്കിലും മിത്ര-സംബന്ധികൾ വരുകയാണെങ്കിൽ

അവർക്ക് ചിത്രത്തിനു മേൽ മനസ്സിലാക്കി കൊടുക്കണം. ഇത് വിശ്വത്തിന്റെ ചരിത്രമാണ്. ഓരോ കുട്ടികൾക്കും ഈ ചിത്രം തീർച്ചയായും ഉണ്ടായിരിക്കണം. അതിനോടൊപ്പം നല്ല നല്ല പാട്ടുകളും ഉണ്ടായിരിക്കണം. അവസാനം ആ ദിവസവും വന്നെത്തി, ബാബ വന്നു കഴിഞ്ഞു. നമ്മെ രാജയോഗം പഠിപ്പിക്കുന്നു. ആര് ചിത്രം ചോദിച്ചാലും അവർക്ക് ലഭിക്കും, സാധാരണക്കാർക്ക് സൗജന്യമായി ലഭിക്കും. പക്ഷേ മനസ്സിലാക്കി കൊടുക്കാനുള്ള ശക്തി വേണം. ഇത് അവിനാശി ജ്ഞാനരത്നങ്ങളുടെ ഖജനാവാണ്. നിങ്ങൾ ദാനികളാണ്, നിങ്ങളെപ്പോലെ അവിനാശി ജ്ഞാനരത്നങ്ങളുടെ ദാനം മറ്റാർക്കും തന്നെ ചെയ്യാൻ സാധിക്കില്ല. ഇങ്ങനെയൊരു ദാനം ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് ദാനം ചെയ്യണം, ആര് വരുന്നുവോ അവർക്ക് മനസ്സിലാക്കി കൊടുക്കണം. പിന്നീട് പരസ്പരം കണ്ട് ധാരാളം പേർ വരും. ഈ ചിത്രം വളരെ വിലപ്പെട്ട വസ്തുവാണ്, അമൂല്യമാണ്. അതുപോലെ നിങ്ങളെയും അമൂല്യം എന്നു പറയപ്പെടുന്നു. നിങ്ങൾ കക്കയിൽ നിന്നും വജ്രസമാനമായിത്തീരുന്നു. ഈ ചിത്രം വിദേശത്തു കൊണ്ടുപോയി പറഞ്ഞുകൊടുക്കുകയാണെങ്കിൽ അത്ഭുതമായിരിക്കും. ഇത്രയും സമയം സന്യാസിമാർ പറഞ്ഞു വന്നു ഞങ്ങൾ ഭാരതത്തിലെ യോഗമാണ് പഠിപ്പിക്കുന്നതെന്ന്. ഓരോരുത്തരും അവരവരുടെ ധർമ്മത്തിന്റെ മഹത്വം പാടുന്നു. ബുദ്ധമതത്തിലുള്ളവർ എത്രപേരെയാണ് ആ മതത്തിലേക്ക് കൊണ്ടു വരുന്നത്. പക്ഷേ അതിലൂടെയൊന്നും പ്രയോജനമില്ല. ഇവിടെ നിങ്ങൾ മനുഷ്യരെ കുരങ്ങനിൽ നിന്നും ക്ഷേത്രത്തിലിരിക്കാൻ യോഗ്യതയുള്ളവരാക്കിയാണ് മാറ്റുന്നത്. ഭാരതത്തിൽ സമ്പൂർണ്ണ നിർവ്വികാരികളായിരുന്നു. ഭാരതം ആദ്യം വെളുത്തതായിരുന്നു, ഇപ്പോൾ കറുത്തതാണ്. എത്ര മനുഷ്യരാണ്! സത്യയുഗത്തിൽ വളരെ കുറച്ചുപേർ മാത്രമേ ഉണ്ടാകൂ. സംഗമത്തിൽ തന്നെയാണ് ബാബ വന്ന് സ്ഥാപിക്കുന്നത്, രാജയോഗം പഠിപ്പിക്കുന്നത്. ആരാണോ കല്പം മുമ്പ് പഠിച്ചിട്ടുള്ളത്, അവരെയാണ് പഠിപ്പിക്കുന്നത്. സ്ഥാപന ഉണ്ടാവുകതന്നെ വേണം. കുട്ടികൾ രാവണനോട് തോൽക്കുന്നു, പിന്നീട് രാവണനുനേൽ വിജയം പ്രാപ്തമാക്കുന്നു. എത്ര സഹജമാണ്. അതുകൊണ്ട് കുട്ടികൾക്ക് വലിയ ചിത്രങ്ങൾ ഉണ്ടാക്കിച്ച് അതിൽ സേവനം ചെയ്യണം. വലിയ വലിയ അക്ഷരങ്ങളായിരിക്കണം. എഴുതണം – ഇവിടെ നിന്നാണ് ഭക്തിമാർഗ്ഗം ആരംഭിക്കുന്നത്. എപ്പോഴാണോ ദുർഗ്ഗതി പൂർത്തിയാകുന്നത് അപ്പോഴേ ബാബ സദ്ഗതിയ്ക്കായി വരികയുള്ളൂ.

ബാബ മനസ്സിലാക്കിത്തരുന്നു ഒരിക്കലും ആരോടും ഭക്തി ചെയ്യരുത് എന്ന് പറയരുത്. ബാബയുടെ പരിചയം നൽകി മനസ്സിലാക്കികൊടുത്താൽ അവർക്ക് അമ്പ് ഏൽക്കും. നിങ്ങൾക്ക് അറിയാം മഹാഭാരത യുദ്ധം എന്ന് എന്തുകൊണ്ടാണ് പറയുന്നതെന്ന്? കാരണം ഏറ്റവും വലിയ യജ്ഞമാണ്. ഈ യജ്ഞത്തിലൂടെയാണ് യുദ്ധത്തിന്റെ ജ്വാല പ്രജ്ജ്വലിക്കപ്പെട്ടത്. ഈ പഴയ ലോകം നശിക്കുക തന്നെ വേണം. ഈ കാര്യങ്ങളെല്ലാം തന്നെ നിങ്ങളുടെ ബുദ്ധിയിലുണ്ട്. മനുഷ്യർക്ക് ശാന്തിയുടെ സമ്മാനം ലഭിക്കുന്നുണ്ട്. പക്ഷേ ശാന്തിയുണ്ടാകുന്നില്ലല്ലോ. വാസ്തവത്തിൽ ശാന്തി സ്ഥാപിക്കുന്നത് ഒരേയൊരു ബാബയാണ്. അവരോടൊപ്പം നിങ്ങൾ സഹയോഗികളാണ്. സമ്മാനവും നിങ്ങൾക്കാണ് ലഭിക്കേണ്ടത്. ബാബയ്ക്ക് സമ്മാനം ലഭിക്കുന്നില്ലല്ലോ. നിങ്ങൾക്ക് നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് സമ്മാനം ലഭിക്കുന്നു. വളരെയധികം പേർ ഉണ്ടാകും. നിങ്ങളിപ്പോൾ പവിത്രത, ശാന്തി, സമൃദ്ധി ഇങ്ങനെയുള്ള രാജ്യമാണ് സ്ഥാപിക്കുന്നത്. എത്ര വലിയ സമ്മാനമാണ്! അറിയാം ആര് എത്രത്തോളം പ്രയത്നിക്കുന്നുവോ അവർക്ക് സൂര്യവംശി രാജധാനിയുടെ സമ്മാനം ലഭിക്കുമെന്ന്. ബാബ ശ്രീമതമാണ് നൽകുന്നത്. അല്ലാതെ ബാബയോട് ആശീർവ്വാദം ചോദിക്കരുത്. വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകുകയാണ് അച്ഛനെ ഓർമ്മിക്കൂ എന്നാൽ വികർമ്മം വിനാശമായിത്തീരുമെന്ന്. യോഗബലത്തിലൂടെ മാത്രമേ നിങ്ങളുടെ ആത്മാവ് പവിത്രമായിത്തീരൂ. നിങ്ങൾ എല്ലാവരും സീതമാരാണ്, അഗ്നിയിലൂടെയാണ് മറികടക്കുന്നത്. ഒന്നുകിൽ യോഗബലത്തിലൂടെ മറികടക്കണം, അല്ലെങ്കിൽ അഗ്നിയിൽപ്പെട്ട് എരിയണം. ദേഹസഹിതം എല്ലാ സംബന്ധങ്ങളെയും ത്യാഗം ചെയ്ത് ഒരേയൊരു ഏറ്റവും പ്രിയപ്പെട്ട ബാബയെ ഓർമ്മിക്കൂ. എന്നാൽ ഈ ഓർമ്മ നിരന്തരമാക്കാൻ വളരെയധികം ബുദ്ധിമുട്ടാണ്. സമയമെടുക്കും. യോഗാഗ്നി എന്നു പറയാറുണ്ട്. ഭാരതത്തിന്റെ പ്രാചീനയോഗവും ജ്ഞാനവും പ്രശസ്തമാണ്. കാരണം ഗീത സർവ്വശാസ്ത്ര ശിരോമണിയാണ്. അതിൽ രാജയോഗം എന്ന അക്ഷരമുണ്ട്. പക്ഷേ രാജ എന്ന അക്ഷരത്തെ ഇല്ലാതാക്കി കേവലം യോഗം എന്ന അക്ഷരം പ്രയോഗിച്ചു. ബാബയ്ക്കല്ലാതെ മറ്റാർക്കും പറയാൻ സാധിക്കില്ല ഈ രാജയോഗത്തിലൂടെ ഞാൻ നിങ്ങളെ രാജാക്കന്മാരുടെയും രാജാവാക്കിത്തീർക്കും എന്ന്. നിങ്ങളിപ്പോൾ ശിവബാബയുടെ സന്മുഖത്താണിരിക്കുന്നത്. അറിയാം നമ്മൾ എല്ലാ ആത്മാക്കളും പരംധാമത്തിൽ വസിക്കുന്നവരാണെന്ന് പിന്നീട് ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിക്കുന്നു. ശിവബാബ പുനർജന്മം എടുക്കുന്നില്ല. ബ്രഹ്മാ വിഷ്ണു ശങ്കരനും പുനർജന്മം എടുക്കേണ്ടേ. ബാബ പറയുന്നു ഞാൻ വരുന്നതു തന്നെ പതിതത്തിൽ നിന്നും പാവനമാക്കാനാണ്. അതുകൊണ്ടാണ് എല്ലാവരും എന്നെ പതിതപാവനാ... എന്നു പറഞ്ഞ് വിളിക്കുന്നത്. ഇത് വളരെ കൃത്യമായ വാക്കാണ്. ബാബ പറയുന്നു ഞാൻ നിങ്ങളെ പാവന ദേവീദേവതകളാക്കി മാറ്റുന്നു, എങ്കിൽ അത്രയ്ക്ക് ലഹരിയും ആവശ്യമാണ്. ബാബ ഇതിൽ വന്ന് നിങ്ങൾക്ക്

പഠിപ്പ് നൽകിക്കൊണ്ടിരിക്കുകയാണ്. ഈ പഴങ്ങളുടെ തോട്ടത്തിന്റെ തോട്ടക്കാരൻ ശിവബാബയാണ്. നമ്മൾ ബാബയുടെ കൈ പിടിച്ചിരിക്കുകയാണ്. ഇതെല്ലാം തന്നെ ബുദ്ധിയുടെ കാര്യമാണ്. ബാബ നമ്മെ വിഷയസാഗരത്തിൽ നിന്നും അക്കരെ ക്ഷീരസാഗരത്തിലേക്ക് കൊണ്ടുപോവുകയാണ്. അവിടെ വിഷമുണ്ടാവുകയില്ല. അതുകൊണ്ടാണ് അതിനെ നിർവ്വികാരിലോകമെന്ന് പറയുന്നത്. ഭാരതം നിർവ്വികാരിയായിരുന്നു, ഇപ്പോൾ വികാരിയായിരിക്കുകയാണ്. ഈ ചക്രം ഭാരതത്തിലുള്ളതാണ്. മറ്റുള്ള ധർമ്മത്തിലുള്ളവരൊന്നും തന്നെ മുഴുവൻ ചക്രവും കറങ്ങുന്നില്ല. അവർ അവസാനമാണ് വരുന്നത്. ഇത് വളരെയധികം അത്ഭുതകരമായ ചക്രമാണ്. ബുദ്ധിയിൽ ലഹരിയുണ്ടായിരിക്കണം. ഈ ചിത്രങ്ങളുടെമേൽ വളരെയധികം ശ്രദ്ധയുണ്ടായിരിക്കണം. സേവനം ചെയ്ത് കാണിക്കൂ. വിദേശത്തും ഈ ചിത്രങ്ങൾ പോവുകയാണെങ്കിൽ പേര് പ്രശസ്തമാവും. തീവ്രഗതിയിലുള്ള സേവനം ചെയ്യണം. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) അവിനാശീ ജ്ഞാനരത്നങ്ങളുടെ ഖജനാവ് എന്താണോ ലഭിച്ചിട്ടുള്ളത് അതിനെ ദാനം ചെയ്യണം. തന്റെ സമയത്തെ കഴിക്കുന്നതിലും കുടിക്കുന്നതിലും പരചിന്തനത്തിലും വ്യർത്ഥമാക്കരുത്.

2) കക്കയ്ക്കു സമാനമുള്ള മനുഷ്യരെ വജ്രസമാനമാക്കിമാറ്റാനുള്ള സേവനം ചെയ്യണം. ബാബയിൽ നിന്നും ആശീർവ്വാദം അഥവാ കൃപ യാചിക്കരുത്. ബാബയുടെ നിർദ്ദേശനമനുസരിച്ച് മുന്നോട്ടു പോകണം.

## വരദാനം:- സേവനത്തിലൂടെ പ്രാപ്തമായ ആദരവിന്റേയും, പദവിയുടേയും ത്യാഗം ചെയ്ത് അവിനാശീ ഭാഗ്യമുണ്ടാക്കുന്ന മഹാത്യാഗിയായി ഭവിക്കൂ

താങ്കൾ കുട്ടികൾ എന്ത് ശ്രേഷ്ഠ കർമ്മമാണോ ചെയ്യുന്നത് - ഈ ശ്രേഷ്ഠ കർമ്മം അഥവാ സേവനത്തിന്റെ പ്രത്യക്ഷ ഫലമാണ് - സർവ്വരിലൂടെയും മഹിമയുണ്ടാകുക. സേവാധാരിക്ക് ശ്രേഷ്ഠ മഹിമയുടെ സ്ഥാനം ലഭിക്കുന്നു. ആദരവിന്റേയും, പദവിയുടേയും ഇരിപ്പിടം ലഭിക്കുന്നു, ഈ സിദ്ധി അവശ്യം പ്രാപ്തമാകും. എന്നാൽ ഈ സിദ്ധികൾ വഴിയിലെ പടവുകളാണ്, ഇതൊന്നും അന്തിമ ലക്ഷ്യങ്ങളല്ല അതുകൊണ്ട് ഇതിന്റെയും ത്യാഗവാൻ, ഭാഗ്യവാനാകൂ, ഇതിനെ തന്നെയാണ് പറയുക മഹാത്യാഗിയാകുക. ഗുപ്ത മഹാദാനിയുടെ വിശേഷതയാണ് ത്യാഗത്തിന്റെയും ത്യാഗി.

## സ്ലോഗൻ:- ഫരിസ്തയാകണമെങ്കിൽ സാക്ഷിയായി ഓരോ ആത്മാവിന്റേയും പാർട്ട് കാണൂ സാകാശ് നൽകൂ.